നം. എം.എസ്.പി 2-45750/2014/ആ.വ.ഡ

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയ്യതി: 06/11/2014

## ദര്‍ഘാസ് നീട്ടുന്നതിനുള്ള പരസ്യം

വിഷയം: ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളില്‍ മുദ്രവച്ച ദര്‍ഘാസുകള്‍ ക്ഷണിച്ചു-കൊള്ളുന്നു.

| ക്രമ നം | ഉപകരണത്തിന്റെ പേര് | ദര്‍ഘാസ് നമ്പര്‍ | അസല്‍ ദര്‍ഘാസ് | പകര്‍പ്പിന്റെ വില |
|---|---|---|---|---|
| 1 | ഡയഗ്നോസ്റ്റിക് ടെസ്റ്റ് കിറ്റ്സ് | 07/2014-15 | 3000+5% വാറ്റ് | 1500+5% വാറ്റ് |

ദര്‍ഘാസുകളില്‍ ടെണ്ടര്‍ രേഖപ്പെടുത്തി അഡീഷണല്‍ ഡയറക്ടര്‍ (മെഡിക്കല്‍) ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ് തിരുവനന്തപുരം- 695035 എന്ന വിലാസത്തില്‍ 25/11/2014 പകല്‍ 3 മണിക്ക് മുമ്പായി സമര്‍പ്പിക്കേണ്ടതാണ്. സ്വീകാര്യമായ ദര്‍ഘാസുകള്‍ നല്‍കിയവരുടെയോ, അവര്‍ അധികാരപ്പെടുത്തിയവരുടേയോ സാനിദ്ധ്യത്തില്‍ 26/11/2014 പകല്‍ 11 മണിക്ക് തുറക്കുന്നതാണ്. ദര്‍ഘാസുകള്‍ വില്‍ക്കുന്ന അവസാന തീയ്യതി 24/11/2014 പകല്‍ 3 മണിവരെയാണ്. ദര്‍ഘാസ് ഫോം ആവശ്യമുള്ളവര്‍ അതിന്റെ വില മണി ഓര്‍ഡര്‍ ആയോ, നേരിട്ടോ അടച്ച് തിരുവനന്തപുരം ഗവണ്‍മെന്റ് മെഡിക്കല്‍ സ്റ്റോര്‍ ഓഫീസര്‍ക്ക് പ്രവര്‍ത്തി ദിവസങ്ങളില്‍ രേഖാമൂലം അപേക്ഷിച്ചാല്‍ ലഭിക്കുന്നതാണ്. ദര്‍ഘാസ് സമര്‍പ്പിക്കേണ്ട അവസാന തീയ്യതിയ്ക്ക് 10 പ്രവര്‍ത്തി ദിവസം മുമ്പെങ്കിലും ലഭിക്കുന്ന മണി ഓര്‍ഡറുകള്‍ മാത്രമേ സ്വീകരിക്കുകയുള്ളൂ. ദര്‍ഘാസ് ഫോം കൈ മാറ്റം ചെയ്യാന്‍ പാടില്ല. ദര്‍ഘാസ് ഫോറത്തിന് വില ചെക്കുകളായോ, ഡ്രാഫ്റ്റായോ, പോസ്റ്റല്‍ ഓര്‍ഡര്‍ ആയോ സ്വീകരിക്കുന്നതല്ല. അപേക്ഷയില്‍ ദര്‍ഘാസ് നമ്പര്‍, സാധനത്തിന്റെ പേര് നിര്‍ബന്ധമായും കാണിച്ചിരിക്കേണ്ണേണ്ടതാണ്. ദര്‍ഘാസിന്റെ പ്രത്യേക നിര്‍ബന്ധനകളും ദര്‍ഘാസ് ഫോറത്തോടൊപ്പം വാങ്ങേണ്ടതാണ്. സ്പെസിഫിക്കേഷനും ടെസ്റ്റ് കിറ്റിന്റെ എണ്ണവും ദര്‍ഘാസ് ഫോറത്തോടൊപ്പം വാങ്ങേണ്ടതാണ്. സാമ്പിള്‍ 26/11/2014-നു തന്നെ ഡയറക്ടര്‍, പബ്ലിക് ഹെല്‍ത്ത് ലാബ്, തിരുവനന്തപുരം -ത്തിന് മുമ്പാകെ സമര്‍പ്പിക്കേണ്ടതാണ്.

ഡോ. പി.എന്‍. രമണി
അഡീഷണല്‍ ആരോഗ്യ വകുപ്പ് ഡയറക്ടര്‍ (മെഡിക്കല്‍)

പകര്‍പ്പ്:

1. ഡയറക്ടര്‍, പബ്ലിക്ക് റിലേഷന്‍ ഡിപ്പാര്‍ട്ട്മെന്റ്
2. സൂപ്രണ്ട്, ഗവണ്‍മെന്റ് പ്രസ്, തിരുവനന്തപുരം
3. ഡയറക്ടര്‍, പി.എച്ച് ലാബ്, തിരുവനന്തപുരം
4. നോട്ടീസ് ബോര്‍ഡ്
5. വെബ്സൈറ്റ് ഓഫ് ആരോഗ്യ വകുപ്പ് ഡയറക്ടര്‍